**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6477** **20-03-2023 - ൽ മറുപടിയ്ക്ക്**

**മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ മുട്ടം ശങ്കരപ്പിള്ളി മുതൽ അറക്കുളം വരെയുള്ള പ്രദേശത്തെ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ (എം.വി.ഐ.പി.) 130 ഏക്കർ ഭൂമി വനഭൂമിയാക്കി സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എം.വി.ഐ.പി.യുടെ കൈവശത്തിലുള്ള ഭൂമി വനംവകുപ്പിന് വിട്ടുനൽകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | 1992 – ൽ ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് നടപ്പാക്കുന്നതിനായി 115.047 ഹെക്ടർ വനഭൂമി ജലസേചന വകുപ്പിന് വനം വകുപ്പ് വിട്ടുനൽകിയിരുന്നു. ഇതിനു പകരമായി 65.46 ഹെക്ടർ ഭൂമി കാരാപ്പുഴ പ്രൊജക്ടിൽ നിന്നും 52.59 ഹെക്ടർ ഭൂമി മൂവാറ്റുപുഴ ഇറിഗേഷൻ പ്രോജക്ടിൽ നിന്നും വിട്ടു നൽകാൻ തീരുമാനിച്ചു. ഇതു പ്രകാരം 24.12.1996-ൽ MVIPയുടെ 52.59 ഹെക്ടർ ഭൂമി കൈമാറുകയും വനം വകുപ്പ് പ്രസ്തുത ഭൂമിയിൽ വനവൽക്കരണം നടത്തുകയും ചെയ്തു. ഇതിൽ 12.58 ഹെക്ടർ സ്ഥലം വെള്ളം കയറുന്നതിനാൽ തിരിച്ചെടുത്ത് പകരം ഭൂമി നൽകണമെന്ന് വനം വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ഭൂമി ജനവാസ മേഖലയോട് ചേർന്ന് നൽകില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. 1996-ൽ കൈമാറിയ ഭൂമിയുടെ പ്രാഥമിക വിജ്ഞാപനമാണ് 24.03.2021-ൽ പ്രസിദ്ധപ്പെടുത്തിയത്. ആയതിന്റെ തുടർ നടപടിയാണ് 2.12.2022-ൽ പുറപ്പെടുവിച്ചത്. ഇപ്രകാരം കോമ്പൻസേറ്ററി അഫോറസ്റ്റേഷനു വേണ്ടിയാണ് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് MVIP യുടെ ഭൂമി വനം വകുപ്പിന് വിട്ടു നൽകിയത്. |
| (സി) | എം.വി.ഐ.പി. ഭൂമി വനംവകുപ്പിന് വിട്ടുനൽകുന്നത് കുടിവെള്ളം, ടൂറിസം, റോഡ് ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | MVIP ഭൂമി വനം വകുപ്പിന് വിട്ടു നൽകുന്നത് കുടിവെള്ളം, ടൂറിസം, റോഡ് തുടങ്ങിയ വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കില്ല. |
| (ഡി) | തൊടുപുഴ-പുളിയന്മല സംസ്ഥാന പാതയുടെ തുടർ | (ഡി) | MVIP യുടെ കൈവശത്തിലുള്ള ഭൂമിയാണ് |

| | | | |
|---|---|---|---|
| | വികസന പ്രവർത്തനങ്ങളെയും ജനസാന്ദ്രത ഏറിയ പഞ്ചായത്തുകളുടെ വികസനത്തേയും ഇത് ബാധിക്കുമെന്നതിനാൽ വനാതിർത്തിയോട് ചേർന്ന് ഭൂമി വിട്ടുനൽകുന്ന കാര്യം പരിഗണിക്കാമോ; ഇതുസംബന്ധിച്ച് ജലവിഭവം, റവന്യൂ, വനം എന്നീ വകുപ്പുകളുടെ സംയുക്ത യോഗം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | | ജലസേചന വകുപ്പ് വിട്ടു നൽകിയത്. ഇത് യാതൊരു തരത്തിലും വികസന പ്രവർത്തനങ്ങളെ ബാധിക്കില്ല. MVIP യുടെ മറ്റ് സ്ഥലങ്ങളിൽ Irrigation Tourism സാധ്യതകൾ പരിശോധിച്ച് വരികയാണ്. വനാതിർത്തിയോട് ചേർന്ന് ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച് ജലവിഭവം, റവന്യൂ, വനം എന്നീ വകുപ്പുകളുടെ സംയുക്ത യോഗം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ